# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 107 | 14/06/2012 ൽ മറുപടിക്ക്

## സൗജന്യ യൂണിഫോം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>,, സണ്ണി ജോസഫ് :<br>,, ലൂഡി ലൂയിസ് : | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർക്കാർ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഇല്ല. കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതു പ്രകാരം സർക്കാർ സ്കൂളുകളിലെ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും, ബി.പി.എൽ. പരിധിയിൽ വരുന്ന ആൺകുട്ടികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| ബി) ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; | ബി) സൗജന്യ യൂണിഫോം പദ്ധതിക്ക് 37 കോടി രൂപ കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. ആയതനുസരിച്ച് യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും തുകയും എല്ലാ സർക്കാർ സ്കൂളുകൾക്കും ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. |
| സി) ഈ അദ്ധ്യയന വർഷത്തിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) ഈ അദ്ധ്യയന വർഷത്തിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതാണ് |

സെക്ഷൻ ഓഫീസർ